പിരിച്ചുവിട്ട അദ്ധ്യാപകന്മാർ.

* 1566. [28] † ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഗവണ്മെൻറ് ഹൈസ്കൂളുകളിൽ നിയമിച്ച എത്ര ബി. ടി. അദ്ധ്യാപകന്മാരെ മലബാർ ഭാഗത്തുനിന്നും 11-7-58 -ന ശേഷം പിരിച്ചുവിട്ടിട്ടുണ്ട് ;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിച്ച ഈ അദ്ധ്യാപകന്മാരെ എന്തടിസ്ഥാനത്തിലാണ് പിരിച്ചുവിട്ടിട്ടുള്ളത് ;

(സി) ഇവരെ വീണ്ടും നിയമിക്കുന്നകാര്യത്തിൽ ഗവണ്മെൻറ് അടിയന്തിര നടപടിയെടുക്കുമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) : (എ) 328 പേരെ പിരിച്ചുവിട്ടിട്ടുണ്ട്. മലബാർ ഭാഗത്തേക്ക തിരിച്ചു കണക്ക കിട്ടിയിട്ടില്ല.

(ബി) അൺവരിച്ചിട്ടുള്ള അതെ തസ്തികകളിൽ കുട്ടത്തലായി നിയമിക്കപ്പെട്ട അദ്ധ്യാപകരെ താൽക്കാലികമായി നിയമിച്ചിട്ടുള്ളവരാണ്. അവരെ പൂർണ്ണമായി അനുസരിച്ചാണ് പിരിച്ചുവിട്ടിട്ടുള്ളത്.

(സി) സ്കൂൾ തുറക്കുന്നതോടുകൂടി മിക്കവാറും ഇവരെ തിരിച്ചെടുക്കുന്നതായിരിക്കും.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഇവർക്ക് ഉടനെതന്നെ ജോലിയിൽ തിരിച്ചുകിട്ടുവാനുള്ള സാധ്യതയുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സ്കൂൾ തുറന്നു കഴിഞ്ഞാൽ മിക്കവാറും പേർക്കും തിരിച്ചുകിട്ടുവാനുള്ള സാധ്യതയുണ്ട്.

പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന്മാർ.

* 1567. [30] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 11-7-58 -ന ശേഷം പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശപ്രകാരം നിശ്ചയിക്കപ്പെട്ട എല്ലാ ഗ്രാഡുവേറ്റ് അദ്ധ്യാപകന്മാരേയും 31-3-59 -ന പിരിച്ചുവിടണമെന്ന വിദ്യാഭ്യാസ ഡയറക്ടർ കല്പന അയച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു ; അതനുസരിച്ച് എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ട് ;

(സി) ഇതു സംബന്ധിച്ച് വല്ല പരാതിയും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ?

† As the member was absent this question was put by Shri P. Ramunni Kurup with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly